(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടായിട്ടും രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്നതിന് ഡോക്ടർമാരെ നിയമിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രാത്രി ഡ്യൂട്ടിക്ക് ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സ്ത്രീകളും കുട്ടികളും ഏറെ ആശ്രയിക്കുന്ന പ്രസ്തുത ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താനൂർ സി.എച്ച്.സി.യിൽ അഞ്ച് അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക മാത്രമാണ് നിലവിലുള്ളത്. കിടത്തി ചികിത്സ നടക്കുന്നുണ്ട്. കൂടാതെ രാത്രിയിൽ ഓൺകോൾ ഡ്യൂട്ടിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) താനൂർ സി.എച്ച്.സി.-യിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തിക നിലവിലില്ല. താലൂക്കാശുപത്രിതലം മുതൽ മാത്രമാണ് കാഷ്വാലിറ്റി മെഡിക്കൽ ആഫീസറുടെ തസ്തിക അനുവദിച്ചിട്ടുള്ളത്.

(സി) താനൂർ സി.എച്ച്.സി.-യിൽ നിലവിൽ സ്പെഷ്യലിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടില്ല. സർക്കാരിന്റെ ധനസ്ഥിതി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കാനാവില്ല.

സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു നടപടി

48 (2599) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.എച്ച്.സി. മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾവരെ ആധുനിക സൗകര്യങ്ങളോടെയും വൃത്തിയായും സൂക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പി.എച്ച്.സി., സി.എച്ച്.സി. തലങ്ങളിൽ ഓരോ വാർഡ് തലത്തിലും ആറ് മാസത്തിൽ ഒരിക്കൽ ആരോഗ്യ സെമിനാറുകൾ നടത്തുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആശുപത്രികളിലെ ക്ലീനിംഗ് സ്റ്റാഫ് മുതൽ ഡോക്ടർ വരെയുള്ള തസ്തികകളിലെ ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആശുപത്രികളുടെ വികസനവും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച വിഷയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മുൻകൈ എടുക്കേണ്ടത്. വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പും ആരോഗ്യ കേരളവും ആയത് പരിശോധിച്ച് അംഗീകാരവും വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഫണ്ടും നല്കിവരുന്നു. ഓരോ ആശുപത്രികൾക്കുമുള്ള പദ്ധതികൾ അതാത് ആശുപത്രി വികസന സമിതിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും യോജിച്ചാണ് തീരുമാനിക്കേണ്ടത്. സംസ്ഥാനത്തെ പി.എച്ച്.സി. മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ വരെ ആധുനിക സൗകര്യങ്ങളോടെയും വൃത്തിയായും സൂക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകമായിട്ടുള്ള പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) നിലവിൽ എല്ലാ പി.എച്ച്.സി. തലത്തിലും ബ്ലോക്ക് തലത്തിലും മാസത്തിലൊരിക്കൽ നടത്തുന്ന അവലോകന മീറ്റിംഗിൽ ആരോഗ്യ പ്രവർത്തനം സംബന്ധിച്ച പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ഇതിലൂടെ ഡോക്ടർമാർക്കും നഴ്സുമാർക്കും ഫീൽഡുതല ജീവനക്കാർക്കും ആരോഗ്യ രംഗത്തെ സമകാലിക വിഷയങ്ങൾ സംബന്ധിച്ചും ആധുനിക രീതികൾ സംബന്ധിച്ചുമുള്ള പരിശീലനം നല്കിവരുന്നുണ്ട്. ഇത്തരം പരിശീലനങ്ങളുടെ ഗുണഫലങ്ങൾ പൊതു ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമത ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറും സംസ്ഥാനാടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറും പരിശോധിച്ചുവരുന്നുണ്ട്.

(സി) പി.എസ്.സി. മുഖേന നിയമനം നടത്തി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ച് നിയമനം നടത്തുന്നതിനും പ്രൊമോഷൻ മുഖേന നികത്തേണ്ട ഒഴിവുകളിൽ ഡി.പി.സി.-യുടെ അംഗീകാരം വേണ്ടവയിൽ ഡി.പി.സി. ശിപാർശയ്ക്ക് വിധേയമായും അല്ലാത്തവ വകുപ്പുതല നടപടികൾ പൂർത്തീകരിച്ചും പ്രൊമോഷൻ നല്കി നികത്തുന്നതിനും സ്പെഷ്യാലിറ്റി വിഭാഗത്തിലെ ജൂനിയർ കൺസൾട്ടന്റ് ഒഴിവുകൾ, സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്മാരിൽ പി.ജി.

LIBRARY ARCHIVES Kerala Legislative Assembly